# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2066 17.06.2014 ൽ മറുപടിക്ക്

**<u>സ്റ്റോപ്പുകൾ നിർത്തലാക്കിയ ട്രെയിനുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര സൂപ്പർഫാസ്റ്റ് എക്സ്പ്രസ്സ് ട്രെയിനുകളുടെ സ്റ്റോപ്പുകളാണ് നിർത്തലാക്കിയിട്ടുള്ളത്; | (എ) | സൂപ്പർ ഫാസ്റ്റ് ട്രെയിനുകളുടെ സ്റ്റോപ്പുകളൊന്നും നിർത്തലാക്കിയിട്ടില്ല. എന്നാൽ വഞ്ചിനാട് ട്രെയിനിന്റെ പരവൂരിലുണ്ടായിരുന്ന താല്ക്കാലിക സ്റ്റോപ്പും ഏറനാട് എക്സ്പ്രസിന്റെ ചാലക്കുടിയിൽ ഉണ്ടായിരുന്ന താല്ക്കാലിക സ്റ്റോപ്പും ഗുരുവായൂർ പുനലൂർ ഫാസ്റ്റ് പാസഞ്ചർ ട്രെയിനിന്റെ കരുകുറ്റിയിലെ സ്റ്റോപ്പും 06.06.2014 മുതൽ താല്ക്കാലിക സ്റ്റോപ്പുകളുടെ ആറുമാസക്കാലാവധി പൂർത്തിയാക്കിയതിനെത്തുടർന്ന് പിൻവലിച്ചിരുന്നു. |
| (ബി) | നിർത്തലാക്കിയ സ്റ്റോപ്പുകളിൽ പലതും വൻതോതിൽ യാത്രക്കാർ ഉപയോഗിക്കുന്നവയാണെന്നത് കണക്കിലെടുത്ത് പ്രസ്തുത സ്റ്റോപ്പുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | ടി താല്ക്കാലിക സ്റ്റോപ്പുകൾ പുനഃസ്ഥാപിക്കണമെന്ന് കേന്ദ്ര റയിൽവേ മന്ത്രിയോട് ബഹു. മുഖ്യമന്ത്രിയും കേരളത്തിലെ എം.പി. മാരും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ